## പതിമൂന്നാം കേരള നിയമസഭ
### ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 925 — 12/06/2013 ൽ മറുപടിയ്ക്ക്

### പി. പി. ഗോപി കമ്മീഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | ശ്രീ. എ.പി.അനിൽകുമാർ (പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) പി. പി. ഗോപി ചെയർമാൻ കമ്മീഷൻ എന്നാണ് രൂപീകരിച്ചത്? | (എ) 07.05.2012-ലെ സ. ഉ (എം. എസ്) നം. 65/12/പിസവിവ പ്രകാരമാണ് കമ്മീഷൻ രൂപീകരിച്ചത്. |
| (ബി) ഏതൊക്കെ സമുദായങ്ങളെക്കുറിച്ചാണ് പ്രസ്തുത കമ്മീഷൻ പഠനം നടത്തിയത്; | (ബി) പഠനം നടത്തിയ സമുദായങ്ങളുടെ പട്ടിക അനുബന്ധം - 1 ആയി ചേർത്തിട്ടുണ്ട്. |
| (സി) പ്രസ്തുത വിഷയത്തിന്മേൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; എന്നാണ് സമർപ്പിച്ചത് ; | (സി) ഉണ്ട്. 06.05.2013-ന് |
| (ഡി) പ്രസ്തുത റിപ്പോർട്ടിൽ എന്തൊക്കെ ശുപാർശകൾ ഉൾക്കൊണ്ടിരിക്കുന്നുവെന്ന് വ്യക്തമാക്കാമോ ;<br>(ഇ) ഇതിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നവ ഏതെല്ലാമെന്ന് വെളിപ്പെടുത്താമോ;<br>(എഫ്) പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (ഡി) യും (ഇ) യും (എഫ്) ഉം 06.05.2013-ൽ സർക്കാരിന് ലഭിച്ച റിപ്പോർട്ടിലെ ശുപാർശകളെ സംബന്ധിച്ച് സർക്കാർ തലത്തിൽ വിശദമായി പരിശോധിച്ച ശേഷം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന ശുപാർശകളെ സംബന്ധിച്ച് തീരുമാനിക്കാനാവൂ. ഈ സാഹചര്യത്തിൽ, പി. പി ഗോപി കമ്മീഷൻ റിപ്പോർട്ടിലെ പ്രധാന നിഗമനങ്ങളുടേയും ശുപാർശകളുടേയും സംഗ്രഹം അനുബന്ധം - 2 ആയി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം - 1**

## കമ്മീഷൻ പഠനം നടത്തിയ സമുദായങ്ങൾ (ജാതി/ഉപജാതികൾ)

| ക്രമ : നം. | സമുദായം (ജാതി / ഉപജാതി) |
|---|---|
| 1 | വാണിക വൈശ്യ |
| | വൈശ്യ |
| 2 | ഉദിയൻകുളങ്ങര ചെട്ടി |
| 3 | ഏല്ലൂർ ചെട്ടി |
| 4 | വയനാടൻ ചെട്ടി |
| 5 | വാണിയ ചെട്ടി |
| 6 | ചെട്ടി |
| 7 | തെലുങ്ക് ചെട്ടി |
| 8 | വാണി/വാണിഗ |
| 9 | യാദവ |
| 10 | പത്മശാലിയ |
| | ശാലിയ |
| 11 | ഗണക |
| 12 | റെഡ്യാർ |
| 13 | വെളുത്തേടത്ത് നായർ |
| 14 | വിളക്കിത്തല നായർ |
| 15 | ഈഴവാത്തി |
| 16 | വിൽക്കുറുപ്പ് |
| 17 | ചക്കാല നായർ |
| | ചക്കാല (ചക്കാലൻ) |
| 18 | പണ്ഡിതർ |

സെക്ഷൻ ഓഫീസർ

## പി.പി. ഗോപി കമ്മീഷൻ റിപ്പോർട്ടിലെ പ്രധാന നിഗമനങ്ങളും ശുപാർശകളും

മറ്റ് പിന്നോക്ക വിഭാഗത്തിൽപ്പെട്ട വിവിധ ജാതിക്കാരുടെ സംഘടനയായ Most Backward Communities Federation സർക്കാരിനു സമർപ്പിച്ച നിവേദനത്തിലെ ആവശ്യങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ നിയോഗിക്കപ്പെട്ട കമ്മീഷന്റെ റിപ്പോർട്ടിലെ പ്രധാന നിഗമനങ്ങളും ശുപാർശകളും താഴെപ്പറയുന്നവയാണ്.

കേരള വണിക-വൈശ്യ, ചെട്ടി എന്നു തുടങ്ങിയ ജാതികളെ "അദർ എലിജിബിൾ കമ്മൂണിറ്റീസ്" എന്ന വിഭാഗത്തിൽ ഉൾപ്പെടുത്താൻ നിയമപരമായ തടസ്സങ്ങളുണ്ട്. അതു പോലെ, "ക്രീമിലെയർ" പരിധിയിൽ നിന്നും ഒഴിവാക്കാൻ സാങ്കേതികവും നിയമപരവുമായ തടസ്സങ്ങളുണ്ട്. ഈ ജാതികളുടെ/സമുദായങ്ങളുടെ പുരോഗതിയ്ക്കായി 'സച്ചാർ-പാലൊളി' കമ്മിറ്റികളുടെ ശുപാർശകളുടെ മാതൃകയിൽ വിവധ പദ്ധതികൾ കേന്ദ്രസർക്കാരിനു സമർപ്പിച്ച് അംഗീകാരത്തിനും ധനസഹായത്തിനും ശ്രമിക്കാവുന്നതാണ്.

ടി സമുദായങ്ങളുടെ സാമൂഹ്യ സാമ്പത്തിക-വിദ്യാഭ്യാസ-തൊഴിൽപരമായ പുരോഗതിയാണ് പ്രധാനം. പരമ്പരാഗത തൊഴിൽ മേഖലകൾ പലകാരണങ്ങളാലും ശോഷിച്ചു പോവുകയും കുലത്തൊഴിൽ തനിമയോടെ നിലനിർത്താൻ പറ്റാതാവുകയും ചെയ്തപ്പോൾ ടി സമുദായങ്ങളുടെ തൊഴിലവസരങ്ങൾ നാമമാത്രമായിത്തീരുകയും സാമ്പത്തിക ഞെരുക്കം കലശലാവുകയും ചെയ്തു. ഇതിനു പുറമെ, വിദ്യാഭ്യാസ പുരോഗതി കാര്യമായി ഇല്ലാതിരുന്നതിനാൽ സർക്കാർ - പൊതുമേഖലാ സ്ഥാപനങ്ങളിൽ മതിയായ തോതിൽ ജോലി തേടാൻ ഇവർക്കായില്ല. ഈ വിഭാഗങ്ങൾ ഉൾപ്പെട്ട ഗ്രൂപ്പ് 8-ൽ നിലവിൽ 76 ലധികം ജാതികൾ ഉണ്ടെങ്കിലും 3% മാത്രമേ ജോലി സംവരണമുള്ളൂ.

എൻജിനീയറിംഗ്, മെഡിക്കൽ, മാനേജ്മെന്റ് തുടങ്ങിയ മേഖലകളിൽ ഈ സമുദായങ്ങൾക്ക് മതിയായ യോഗ്യതയുള്ളവർ വളരെ കുറച്ചേയുള്ളൂ.

ഈ സമുദായങ്ങളുടെ ഉന്നമനത്തിന് താഴെപ്പറയുന്ന കാര്യങ്ങൾ ചെയ്യേണ്ടതാണ്.

1) സ്വയം തൊഴിൽ മേഖലയിൽ മൈക്രോ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കണം.

2) ഇൻഡസ്ട്രിയൽ പ്ലോട്ട്, ഡവലപ്പ്മെന്റ് ഏര്യാ, മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് , കിൻഫ്ര പാർക്ക് എന്നിവിടങ്ങളിൽ OBC വിഭാഗങ്ങൾക്ക് നിശ്ചിത ശതമാനം സംവരണം അനുവദിക്കണം.

3) വീടില്ലാത്ത കുടുംബങ്ങൾക്ക് കുറഞ്ഞ പലിശ നിരക്കിലും സബ്സിഡിയോടും കൂടി ഭവനവായ്പ നൽകണം .

4) സ്ഥലം ലഭ്യമായ പ്രദേശങ്ങളിൽ കമ്മ്യൂണിറ്റി ഹാൾ, ട്രെയിനിംഗ് സെന്റർ എന്നിവ നിർമ്മിക്കണം.

5) തൊഴിൽരഹിതരായ, യോഗ്യത നേടിയ ബിരുദധാരികൾക്ക് തൊഴിൽ നേടാൻ ഫിനിഷിംഗ് സ്കൂൾ തുടങ്ങണം.

6) OBC വിഭാഗങ്ങളിലെ ചില സമുദായങ്ങൾ തിങ്ങിപ്പാർക്കുന്ന തെരുവുകൾ നവീകരണത്തിനും അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനും ബൃഹത്തായ പദ്ധതി നടപ്പാക്കണം.

7) വിദ്യാർത്ഥികൾക്ക് വിവിധ ധനസഹായ / പാഠ്യപദ്ധതികൾ.

i. യൂണിഫോം അലവൻസ് 500 രൂപ നൽകണം.
ii. പ്രത്യേക കോച്ചിംഗ്/ട്യൂഷൻ 10,12 ക്ലാസ്സിലെ കുട്ടികൾക്ക്
iii. കരിയർ ഗൈഡൻസ്
iv. എല്ലാ ജില്ലകളിലും മോഡൽ ഹോസ്റ്റലുകൾ സ്ഥാപിക്കണം.
v. 8-ാം ക്ലാസ് വിദ്യാർത്ഥികൾക്ക് സൗജന്യമായി സൈക്കിൾ വിതരണം.
vi. കായിക പ്രതിഭകളെ കണ്ടെത്തി കായിക സ്കൂളുകളിൽ ചേർക്കാൻ നടപടി എടുക്കണം.
vii. മെഡിക്കൽ - എഞ്ചിനിയറിംഗ് വിദ്യാർത്ഥികൾക്ക് സൗജന്യ ഹോസ്റ്റൽ സൗകര്യങ്ങൾ/യാത്രാബത്ത നൽകണം.
viii. വിദേശ പഠനത്തിന് ലോൺ സൗജന്യ നിരക്കിൽ നൽകണം.
ix. റാങ്ക് ജേതാക്കൾക്ക് 25,000 രൂപ സമ്മാനം.
x. ബുക്ക് - ബാങ്ക് തുടങ്ങൽ.

8) സ്കൂൾ സൗകര്യമില്ലാത്ത സ്ഥലങ്ങളിൽ സ്കൂൾ തുടങ്ങണം. ഇടുക്കിയിലും പാലക്കാട്ടും തമിഴ് മീഡിയം സ്കൂൾ/ക്ലാസുകൾ തുടങ്ങണം.

9) കാസർഗോഡ് ജില്ലയിലെ ഗാണിക വിഭാഗക്കാരുടെ സമൂഹവിവാഹത്തിന് ഓരോ പെൺകുട്ടിക്കും 10,000 രൂപ ധനസഹായം, സമൂഹവിവാഹം സംഘടിപ്പിക്കുന്ന സമുദായ ക്ഷേത്രം/ട്രസ്റ്റിന് വിവാഹമൊന്നിന് 2000 രൂപ ധനസഹായം നൽകണം.

10) പരമ്പരാഗതമായ സമുദായങ്ങൾ കൈവശം വച്ചിട്ടുള്ള ശ്മശാനഭൂമി സംരക്ഷിക്കുകയും പട്ടയമില്ലാത്ത കേസുകളിൽ പട്ടയം നൽകുകയും വേണം.

11) പദ്മശാലിയ വിഭാഗത്തിന്റെ നെയ്ത്ത് ഹെരിറ്റേജ് ഇനമായി പ്രഖ്യാപിക്കുകയും സംരക്ഷിക്കുകയും ചെയ്യണം.

12) സർക്കാർ "പിന്നോക്ക സമുദായ നയം" പ്രഖ്യാപിക്കണം

13) മറ്റു പല സംസ്ഥാനങ്ങളിലും ഉള്ളതുപോലെ "മറ്റ് പിന്നോക്ക സമുദായങ്ങളെ" "പിന്നോക്കം", "വളരെ പിന്നോക്കം-", ("Backward " & "Most Backward") - എന്ന് തരംതിരിക്കണം.

14) ഭരണഘടനയുടെ 73,74 ഭേദഗതികളിലൂടെ സംസ്ഥാനങ്ങൾക്ക് നൽകിയിട്ടുള്ള അധികാരമുപയോഗിച്ച് OBC വിഭാഗങ്ങൾക്ക് പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിൽ സംവരണം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കണം.

15) 2007-ൽ സർക്കാർ ഉത്തരവായ സാമൂഹ്യ സാമ്പത്തിക സർവ്വേ നടത്തണം.

16) എയ്ഡഡ് സ്കൂൾ/കോളേജുകളിലെ നിയമനങ്ങളിൽ സംവരണ നിയമം നടപ്പിലാക്കണമെന്ന 'നരേന്ദ്രൻ കമ്മീഷൻ' ശുപാർശയും നിയമസഭയുടെ "പിന്നോക്ക സമുദായക്ഷേമസമിതി" യുടെ ശുപാർശയും സർക്കാർ പരിഗണിക്കണം.

17) പ്രാഥമിക സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങളിലും സംവരണ നിയമം നടപ്പിലാക്കണമെന്ന നിയമസഭയുടെ "പിന്നോക്ക സമുദായക്ഷേമസമിതി " യുടെ ശുപാർശയും നടപ്പിലാക്കണം.

18) സംവരണ നിയമത്തിലെ നിലവിലെ യൂണിറ്റ് അടിസ്ഥാനം പരിഷ്കരിക്കണം.

സെക്ഷൻ ഓഫീസർ